**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 228** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>തിരുവനന്തപുരം നഗരസഭയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. ആർ. ബൈജു — ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തിരുവനന്തപുരം നഗരസഭയിലെ പി എസ് സി വഴി നിയമിതരായവരും വർഷങ്ങളോളം സർവീസ് ഉള്ളവരുമായ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നാഷണൽ ഹെൽത്ത് മിഷന്റെ തിരുവനന്തപുരം ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജരുടെ കീഴിൽ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** തീരുമാനിച്ചിട്ടില്ല.

**(ബി)** കരാർ അടിസ്ഥാനത്തിലും ദിവസവേതന വ്യവസ്ഥയിലും ജോലിക്ക് ആളെ നിയമിക്കുന്ന നാഷണൽ ഹെൽത്ത് മിഷനിൽ, ആരോഗ്യ വകുപ്പിലേക്കും മുനിസിപ്പൽ കോമൺ സർവീസിലേക്കുമുള്ള പി എസ് സി യുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിതരാകുന്ന സ്ഥിരം സർക്കാർ ജീവനക്കാരെ എന്ത് മാനദണ്ഡപ്രകാരമാണ് നിയമിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

**<u>മറുപടി:</u>** പ.എസ്.സി യുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിതരാകുന്ന സ്ഥിരം സർക്കാർ ജീവനക്കാരെ നാഷണൽ ഹെൽത്ത് മിഷനിലേക്ക് നിയമിക്കുവാൻ തീരുമാനിച്ചിട്ടില്ല.

**(സി)** പ്രസ്തുത ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ, നിലവിൽ നാഷണൽ ഹെൽത്ത് മിഷനിൽ താൽക്കാലികമായി ജോലിചെയ്യുന്ന ജീവനക്കാരുടെ ജോലി സൂപ്പർവൈസ് ചെയ്യുന്നതിനാണോ നിയമിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** പ.എസ്.സി യുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിതരാകുന്ന സ്ഥിരം സർക്കാർ ജീവനക്കാരെ നാഷണൽ ഹെൽത്ത് മിഷനിലേക്ക് നിയമിക്കുവാൻ തീരുമാനിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**